പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3099 19-06-2018 ലെ മറുപടിക്ക്

**കാർഷികോല്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .എം. ഉമ്മർ<br>,, പി.ബി.അബ്ദുൽറസാക്ക്<br>,, പി.കെ.ബഷീർ<br>,, അബ്ദുൽ ഹമീദ്.പി | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| എ) കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ കരട് നയത്തിൽ കേരളത്തിലെ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് | (എ)കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെയും, വാഴപ്പഴം ക്ലസ്റ്ററിൽ തൃശ്ശൂർ, വയനാട്,തിരുവനന്തപുരം ജില്ലകളെയും, മാങ്ങയുടെ ക്ലസ്റ്ററിൽ വയനാടിനെയും, മഞ്ഞളിന്റെ ക്ലസ്റ്ററിൽ വയനാട്, ആലപ്പുഴ ജില്ലകളെയും, കശുവണ്ടി ക്ലസ്റ്ററിൽ കാസർഗോഡും കണ്ണൂരും, കുരുമുളക് ക്ലസ്റ്ററിൽ വയനാട് ജില്ലയും, നാളികേരം ക്ലസ്റ്ററിൽ കോഴിക്കോട് ജില്ലയും, തേയില, ഏലം എന്നിവയുടെ ക്ലസ്റ്ററിൽ ഇടുക്കി ജില്ലയേയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.കൂടാതെ തൃശ്ശൂർ, എറണാകുളം ജില്ല കേന്ദ്രീകരിച്ച് ജാതിക്കായ്ക്ക് ആയി ഒരു ക്ലസ്റ്ററും മാങ്ങയുടെ പ്രധാന ഉൽപ്പാദന മേഖലയായ പാലക്കാട് കേന്ദ്രീകരിച്ച് മാങ്ങയ്ക്കായി ഒരു ക്ലസ്റ്ററും കൂടി രൂപീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോ? | ഇല്ല |

അണ്ടർസെക്രട്ടറി